GSTIN: 32AAMAK9631N1Z3

**KERALA KERAKARSHAKA SAHAKARANA FEDERATION LIMITED No. 4370**

KERAFED
കേരഫെഡ്
(A Govt. of Kerala Enterprise)

**KERAFED OIL COMPLEX**

K. S. Puram, Puthiyakavu
Karunagappally, Kollam - 690 544
Ph: 0476-2620627, 2620828, 2620827(PM)
E-Mail: kock@kerafed.com

KFD/KOCK/Boiler/FW/2026/ 5486

08/03/2026

**കേരഫെഡ് ഓയിൽ കോംപ്ലക്സ് കരുനാഗപ്പള്ളിയിലെ , ബോയിലറിലേക്ക് ആവശ്യമായ, നിർദിഷ്ട വലിപ്പത്തിലുള്ള വിറക് ആവശ്യാനുസരണം എത്തിച്ചുതരാൻ ശേഷിയുള്ള കരാറുകാരിൽ നിന്നും മത്സരാടിസ്ഥാനത്തിലുള്ള ക്വട്ടേഷനുകൾ ക്ഷണിക്കുന്നു:**

## ക്വട്ടേഷൻ വ്യവസ്ഥകൾ

1. കരാർ കാലാവധി ഒരു വർഷമായിരിക്കും. കേരഫെഡ്, ഒരുവർഷകാലയളവിൽ പലപ്പോഴായി നൽകുന്ന പർച്ചയ്സ് ഓർഡറുകൾക്കു അനുസൃതമായി വിറക് ഫാക്ടറിയിൽ എത്തിച്ചു നൽകേണ്ടതാണ്. കൊല്ലം ജില്ലയിലെ, കരുനാഗപ്പള്ളി, പുതിയകാവ് സ്ഥിതി ചെയ്യുന്ന ഫാക്ടറിയിലേക്കാണ് വിറക് എത്തിച്ചുനൽകേണ്ടത്.
2. ഒന്നിൽ കൂടുതൽ കരാറുകാരെ വയ്ക്കുന്നതിനുള്ള അധികാരം കേരഫെഡിന് ഉണ്ടായിരിക്കുന്നതാണ്.
3. ഏകദേശം 1300 MT വിറക് ഒരുവർഷകാലയളവിൽ ആവശ്യമായിവരുന്നതാണ്. മേൽ സൂചിപ്പിച്ചിരിക്കുന്ന തൂക്കം പ്രതീക്ഷിക്കപെടുന്നതാണ് , ഇതിൽ ഏറ്റക്കുറച്ചിലുകൾ ഉണ്ടായാൽ കൂടി കരാറുകാരൻ , കരാറ് തുകയ്ക്ക് തന്നെ വിറക് നൽകുവാൻ തയ്യാറായിരിക്കണം.
4. തെങ്ങ്, റബ്ബർ, കശുമാവ്, ഉതി പോലെയുള്ള മരങ്ങൾ ഒഴികയുള്ളവയാണ് വിറകിനായി നൽകേണ്ടത്.
5. ഉപയോഗിക്കാൻ കഴിയാത്തവണ്ണം പച്ചയായ വിറകുകൾ സ്വീകരിക്കുകയില്ല .
6. നിർദിഷ്ട വലിപ്പത്തിലുള്ള വിറകുകളാണ് നൽകേണ്ടത്. (4 –6 ഇഞ്ച് കനവും പരമാവധി 3 അടി നീളവും). അനുവദനീയമായ വലിപ്പത്തിന് മുകളിൽ കൊണ്ടുവരുന്ന വിറകുകൾ നിരസിക്കാനുള്ള അധികാരം സ്ഥാപനത്തിനുണ്ടായിരിക്കും.
7. **ഒരു ടൺ വിറക് ഫാക്ടറിയിൽ എത്തിച്ചു നൽകുന്നതിനുള്ള നിരക്ക് രേഖപ്പെടുത്തിയ ക്വട്ടേഷൻ EMD തുകയായ പതിനായിരം (10,000/-) രൂപയോടൊപ്പം, 14/03/2026, വൈകുന്നേരം 4 മണിക്ക് മുൻപായി കരുനാഗപ്പള്ളി കേരഫെഡ് ഓയിൽ കോംപ്ലക്സിൽ സമർപ്പിക്കേണ്ടതാണ്. നിശ്ചിത സമയത്തിനുള്ളിൽ ലഭിക്കാത്ത ക്വട്ടേഷനുകൾ പരിഗണിക്കുന്നതല്ല.**

വിശ്വസ്തതയോടെ

പ്ലാന്റ് മാനേജർ